കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

നം.കെ.എസ്.എ/എ.എൽ.പി/പി4-1523/16

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 03.01.2017.

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി4-1523/16 തീയതി:03.01.2017.

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2016 മുതൽ 17-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.12.16 മുതൽ<br>20-12-16 വരെ | ശ്രീ .ബി.ലിജിലാൽ, ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.ജി.ചന്ദ്രശേഖരൻ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഷീബ.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ രവി<br>(അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി)<br>ശ്രീമതി.ബി.വിജയമ്മ | 01.04.2015 മുതൽ 31.10.2015വരെ<br>1-11-15 മുതൽ 18.11.15 വരെ<br>19.11.15 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ജി .രാധാകൃഷ്ണൻ | 01.04.15 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ്ബാബു | 01.04.15 മുതൽ 30.09.2015 വരെ |
| | ശ്രീ.എം.ഷാജഹാൻ | 01.10.2015 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശ്രീദേവി. വി.എസ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.കെ.ആനന്ദ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.നൈസിഖാൻ<br>ഡോ.കൃഷ്ണകുമാർ<br>ഡോ.സെബി<br>ഡോ.റസീന<br>ഡോ.നിഷ<br>ഡോ.നൈസിഖാൻ | 01.04.2015 മുതൽ 22.04.15 വരെ<br>22.04.2015 മുതൽ 12.05.15 വരെ<br>12.05.2015 മുതൽ 09.09.15 വരെ<br>10.09.2015 മുതൽ 20.10.15 വരെ<br>20.10.2015 മുതൽ 5.01.16 വരെ<br>05.01.2016 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റ്റി .ഉഷാ കുമാരി | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.രതീഷ്. കെ.കുമാർ | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീമതി.ഷൈലജ. പി.എസ് | 01.04.15മുതൽ 31.03.16 വരെ |
| കൃഷി.ഓഫീസർ | ശ്രീമതി.മിനി.എം. പിള്ള | 01.04.15മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റഹീലാ ബീഗം | 01.04.15മുതൽ 31.03.16 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.പി.എൻ.ഉഷാ കുമാരി | 01.04.15മുതൽ 31.03.16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11<br>വരെ |
| | ഭാഗം 2 | |
| 2 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | 2-1 |
| 3 | വിമുക്തഭടൻമാരുടെ വസ്തുനികുതി അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നില്ല | 2-2 |
| 4 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-3 |
| 5 | ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ അൺഎയിഡഡ് സ്കൂൾ പ്രവർത്തിക്കുന്നു | 2-4 |

| | | |
|---|---|---|
| | | |
| 6 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-5 |
| 7 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടാക്കിയിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 8 | പ്രസവാനന്തര ശുശ്രൂഷയ്ക്കു മരുന്നു വാങ്ങൽ - മരുന്നു വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ | 3-1 |
| 9 | ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ | 3-2 |
| 10 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-3 |
| 11 | കൺവീനർമാർ മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ഒറിജിനൽ ബില്ലിൽ അധികരിച്ച് ടാർവില അനുവദിച്ചതു വഴി 1 ലക്ഷം രൂപയുടെ അധികച്ചെലവ് | 3-4 |
| 12 | ഡെപ്പോസിറ്റ് വർക്കിന് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാത്ത തുക 102416/- തിരികെ ഈടാക്കേണ്ടതാണ്. | 3-5 |
| 13 | എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നിർവ്വഹണ കാലയളവ് കഴിഞ്ഞിട്ടും വർക്ക് ആരംഭിച്ചിട്ടില്ല | 3-6 |
| 14 | സി.ഡി.പി - സബ്സെന്ററിന് ചുറ്റുമതിൽ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-7 |
| 15 | കരാറുകാരൻ എഗ്രിമെന്റ് വച്ച് ഏറ്റെടുത്ത പ്രവർത്തിയുടെ നിർവ്വഹണം പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു | 3-8 |
| 16 | തെരുവു വിളക്ക് പരിപാലനം കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല | 3-9 |
| 17 | പാച്ച് ചെയ്ത ടാറിന്റെ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ വർക്കുകളിൽ കരാറുകാരിൽ നിന്നും ബാരൽ വില കുറയ്ക്കാത്തത് മൂലം 69750/- രൂപയുടെ അധികച്ചെലവ് | 3-10 |

| | | |
|---|---|---|
| | | |
| 18 | ആശ്രയ പദ്ധതി | 3-11 |
| 19 | തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം | 3-12 |
| | ഭാഗം 4 | |
| 20 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 20.3.15 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 97492900 | 984704626 |
| വാർഷിക കണക്ക് പ്രകാരം | 38671299 | 50028693 |

യഥാർത്ഥ വരവു ചെലവുകൾക്ക് ബജറ്റിൽ നിന്നും ഗണ്യമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18672470 |

| | |
|---|---|
| വരവ് | 38671299 |
| ആകെ | 57343769 |
| ചെലവ് | 50028693 |
| നീക്കിയിരിപ്പ് | 7315076 |

1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | ടി.സി ചെയ്ത് ലഭിച്ച തുക | അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചതുക | ആകെ | ചെലവ് | ടി.സി.ചെയ്ത് നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 3244512 | 4083874 | 10484732 | 4090969 | 11419355 | 11419355 | 0 | 0 |
| വികസനഫണ്ട് - ടി.എസ്.പി | 32000 | 0 | 104000 | 73000 | 105000 | 97000 | 8000 | 0 |
| വികസനഫണ്ട് - എസ്.സി.പി | 1066529 | 0 | 4868000 | 3541786 | 4608315 | 4608315 | 0 | |
| സി.എഫ്. സി | 1457982 | 0 | 5472674 | 5472674 | 6930656 | 5749782 | 1180874 | |
| കെ.എൽ.ജി.എസ്.ഡി.പി | 3005000 | 0 | 2895000 | 1880829 | 4885829 | 1990829 | 2895000 | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 707029 | 0 | 4447000 | 4447000 | 5154029 | 5130663 | 23366 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 742633 | 23366 | 2920000 | 2387131 | 3153130 | 3153130 | 0 | 0 |
| എൻ.ആർ.ഇ.ജി.എസ് | 273.39 | | 16206356 | 0 | 16206629.39 | 16206629.39 | - | 0 |
| ബി.ഫണ്ട് | 0 | | 24680770 | 24680770 | 24680770 | 24680770 | - | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 137 | 49634099 | 108 | 36949735 | 11 | 18 | 78.83 |

പൂർത്തിയാക്കാതെഉപേക്ഷിക്കപ്പെട്ടപദ്ധതികൾ

--ഇല്ല--

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 61% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3857855 | 2285119 | (-)1572736 | (-) 40.76% |
| നികുതിയേതര വരവുകൾ | 539381 | 348018 | (-)191363 | (-) 35.47% |
| മറ്റ് വരവുകൾ | 156254 | 129024 | (-)27230 | (-)17.42% |
| ആകെ | 4553490 | 2762161 | (-)1791329 | (-)39.33% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 431640 | 268 |
| കർഷകതൊഴിലാളി പെൻഷൻ | 2668080 | 368 |
| വിധവാ പെൻഷൻ | 8318160 | 919 |
| വാർദ്ധക്യകാല പെൻഷൻ | 9811950 | 1372 |
| വികലാംഗപെൻഷൻ | 3019540 | 331 |
| അവിവാഹിത പെൻഷൻ | 424400 | 48 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന16.12.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2530/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ സേവനങ്ങൾ പൊതു ജനങ്ങൾക്ക് വിരൽതുമ്പിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് 1.31 ലക്ഷം രൂപ മുടക്കി വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് രണ്ട് വർഷത്തിനു ശേഷവും പ്രവർത്തനക്ഷമമാക്കാത്തതു മൂലം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിലും പരിപാലനത്തിലുമുള്ള വീഴ്ചയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. നികുതി പിരിവിനായി നിയോഗിച്ചിട്ടുള്ള നാല് ഉദ്യോഗസ്ഥർ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരാരും തന്നെ ഫീൽഡ് കളക്ഷന് പോകുന്നില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം കെട്ടിടങ്ങളുടെ നികുതിയും കുടിശ്ശിക തുകയും ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാനായില്ല. കൂടാതെ പഞ്ചായത്തിലെ നികുതിദായകരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സഞ്ചയ സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തിട്ടില്ല. എന്നാൽ ഫ്രണ്ട് ഓഫീസ് ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്ത നത്തിലും, രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും തൃപ്തികരമായ പ്രവർത്തനം കാഴ്ച വയ്ക്കുവാൻ തൻവർഷം പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-11മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2016 | 10/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.05. 12 - 15.05.12 | 2000-01 മുതൽ 2011-12 വരെ | LBA(HQ)IV/8A-1812/69/7.6.12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും യുക്തമായ നടപടികൾ സ്വീകരിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ തൻവർഷ, കുടിശിക ഡിമാന്റ്, പിരിവ് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| തൻവർഷ ഡിമാന്റ് | കുടിശിക ഡിമാന്റ് | തൻവർഷ കളക്ഷൻ | കുടിശിക കളക്ഷൻ | തൻവർഷ കളക്ഷൻ % | കുടിശിക കളക്ഷൻ% |
|---|---|---|---|---|---|
| 1989042 | 511755 | 1490222 | 155377 | 74.92 | 30.4 |

നികുതി പിരിവിനായി നിയോഗിച്ചിട്ടുള്ള നാല് ഉദ്യോഗസ്ഥർ പഞ്ചായത്തിൽ ഉണ്ടെങ്കിലും പഞ്ചായത്തിലെ മാന്വൽ രസീതുകൾ പരിശോധിച്ചതിൽ അവരാരും തന്നെ ഫീൽഡ് കളക്ഷന് പോയതിന്റെ രേഖകളില്ല. ഓഡിറ്റു വർഷം വസ്തു നികുതി ഡിമാന്റ് & അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം കെട്ടിടങ്ങളുടെ നികുതിയും കുടിശിക തുകയും ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാനായില്ല. കൂടാതെ പഞ്ചായത്തിലെ നികുതിദായകരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സഞ്ചയ സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വിമുക്തഭടൻമാരുടെ വസ്തുനികുതി അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നില്ല

ജി.ഒ (എംഎസ്) 242/13 ത.സ്വ.ഭ.വ 02.07.13 ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെ വസ്തു നികുതി ഇളവിന് 10.04.2015-നകം ലഭ്യമാക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹതയുള്ള വ്യക്തികൾക്ക് വസ്തുനികുതി ഇളവുചെയ്തു കൊടുക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട വ്യക്തികളുടെ വസ്തു നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവുചെയ്ത് നൽകിയത് സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (നം.2 തീയതി 9.12.2016) നൽകിയതിൽ വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കുന്നതിനായി പഞ്ചായത്തിൽ വിവിധ തീയതികളിൽ ലഭിച്ച 76 അപേക്ഷകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ഈ അപേക്ഷകളിൽ നടപടി സ്വീകരിച്ചതിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം, അപേക്ഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തുടങ്ങിയവ ഹാജരാക്കിയിട്ടില്ല. വസ്തുനികുതി അസ്സസ്സ്മെന്റ് പരിശോധിച്ചതിൽ മേൽ അപേക്ഷകരിൽ നിന്നും വസ്തുനികുതി ഈടാക്കിയതിന്റെ രേഖകളില്ല. ഈ അപേക്ഷകരുടെ അർഹത പുനഃപരിശോധിയ്ക്കുന്നതിനും അർഹരായ വ്യക്തികൾക്ക് നികുതി ഇളവിന്റെ ആനുകൂല്യം നൽകി അനർഹരായവരിൽ നിന്നും കുടിശ്ശിക സഹിതം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011-ലെ 19/2011 നമ്പർ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി, ലഭ്യമായ തോതിന് (400-500) അനുസൃതമായി, നിശ്ചയിച്ച് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തു കമ്മിറ്റി തീരുമാനപ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി 500/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ച പ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി തൻവർഷം ഈടാക്കിയിട്ടില്ല എന്നുകാണുന്നു.

| ക്രമ നം. | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | റിലയൻസ് ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | 18 $M^2$ | 9000 |
| 2 | ഭാരതി ഇൻഫ്രാ ടെൽ,എൻ,എച്ച് ബൈപാസ് ,കൊച്ചി | 11 $M^2$ | 5500 |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | 13.44$M^2$ | 6720 |
| | | ആകെ | 21220 |

മേൽ തുക,12 ശതമാനം പലിശ സഹിതം കമ്പനികളിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക കൃത്യമായി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-4 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01.08.2007-ലെ ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ കൃഷ്ണപുരത്ത് പ്രവർത്തിക്കുന്ന തൻവീർ സെൻട്രൽ സ്കൂൾ, എസ്.എൻ പബ്ളിക് സ്കൂൾ എന്നിവയ്ക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ടി സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

## 2-5 പരസ്യ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻ മേലോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിച്ചാൽ സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്. പഞ്ചായത്തിലെ 2015-16 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ പരസ്യ നികുതി ഇനത്തിൽ വരവ് വന്നിട്ടില്ല. ബൈലോ തയ്യാറാക്കി പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ പരാമർശം ഉണ്ടായിരുന്നിട്ടും നാളിതുവരെയും ബൈലോ തയ്യാറാക്കി പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി. 16.12.2016) ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ വരും വർഷങ്ങളിൽ പരസ്യനികുതി ഇനത്തിൽ വരുമാനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന താണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

2015-16 ലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2006-07 മുതലുള്ള നിക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 37 നോട്ട് പ്രകാരം മൂന്നു വർഷത്തിലധികമായി പിൻവലിക്കാത്ത നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ മൂന്ന് വർഷത്തിന് മുകളിലുള്ള 2913/- രൂപയുടെ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രസവാനന്തര ശുശ്രൂഷയ്ക്കു മരുന്നു വാങ്ങൽ - മരുന്നു വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

പ്രോജക്റ്റ് നം : 93 /16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ ആയുർവേദം

അടങ്കൽ : 100000 (വികസന ഫണ്ട് )

ചെലവു വിവരം

ഡിഡി നം / തീ : 018004 /25-07-15

തുക : 100000

പ്രസവാനന്തര ശുശ്രൂഷയ്ക്കു മരുന്നു നൽകുന്നതിനായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ 100000 രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 1237/31-08-15 ). ഇവ സ്റ്റോക്ക് രജിസ്റ്ററിൽ

ചേർത്ത് 108 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ഒ.പി ചീട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നും, ഗുണഭോക്താക്കളെ നേരിൽ ബന്ധപ്പെട്ടതിൽ നിന്നും മരുന്ന വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ബോധ്യപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. രജിതമോൾ .പി, തയ്യിൽ കിഴക്കതിൽ, വാർഡ് -7 എന്ന ഗുണഭോക്താവിനു (ക്രമ നം. 74) 14-05-16 , 30-04-16 എന്നീ തീയതികളിലായി 4 ബോട്ടിൽ ച്യവനപ്രാശം വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഒ.പി ചീട്ടിൽ 30-04-16 ൽ ടിയാൾക്കു ച്യവനപ്രാശം നിർദ്ദേശിച്ചിട്ടില്ല. ഗുണഭോക്താവിനെ നേരിൽ ബന്ധപ്പെട്ടതിൽ നിന്നും ഒരു ബോട്ടിൽ ച്യവനപ്രാശം (500 gm)മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയുവാൻ സാധിച്ചു.

2. അനു .ജി. നായർ, സിതാര, വാർഡ് -5 എന്ന ഗുണഭോക്താവിനു (ക്രമ നം. 41 ) 25-01-16 ൽ 2 ബോട്ടിൽ ( 400 gm x 2) അജമാംസരസായനം നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഗുണഭോക്താവിനു 1 ബോട്ടിൽ (400 gm) അജമാംസരസായനം മാത്രമാണ് ലഭിച്ചത്. ഈ വിവരം ഗുണഭോക്താവ് രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്.
3. ദിവ്യ.എസ്, കളപ്പുരയ്ക്കൽ പടിഞ്ഞാറെ ചിറയിൽ, വാർഡ് -15 (ക്രമ നം. 108 ) എന്ന ഗുണഭോക്താവിനു 08-08-16 ൽ 1 ബോട്ടിൽ ദശമൂലാരിഷ്ടം, 1 ബോട്ടിൽ അശോകാരിഷ്ടം (450 ml ) എന്നിവ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ ഗുണഭോക്താവ് പരിശോധനയ്ക്കു ഹാജരായിട്ടില്ല.
4. സെമീന, സെമീന മൻസിൽ, വാർഡ് -2 (ക്രമ നം 28) എന്ന ഗുണഭോക്താവിനു 11-12-15, 20-12-15, എന്നീ തീയതികളിലായി 6 ബോട്ടിൽ ച്യവനപ്രാശം വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നൽകേണ്ട മരുന്നിന്റെ അളവുകൾ ഒ.പി ചീട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. 108 ഗുണഭോക്താക്കൾക്കായി 55 ബോട്ടിൽ ച്യവനപ്രാശം വാങ്ങിയതിൽ 6 ബോട്ടിൽ ഒരു ഗുണഭോക്താവിനു മാത്രമായി നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല.

നിരവധി ഗുണഭോക്താക്കളുടെ കാര്യത്തിൽ മേൽവിവരിച്ചതു പോലെ മരുന്ന വിതരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു. ഓരോ ഗുണഭോക്താവിനും നൽകേണ്ടതായ മരുന്നിന്റെ അളവുകൾ ഒ.പി ചീട്ടിൽ കൃത്യമായി രേഖപ്പെടുത്താതിരുന്നതും ശ്രദ്ധേയമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (9/16-12-16) ലഭിച്ച മറുപടിയിൽ പദ്ധതി കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ഹാജരാക്കുന്നതാണെന്ന് നിലവിലെ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിനും ക്രമക്കേടുകൾക്ക് ഉത്തരവാദിയായവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു. മരുന്ന വാങ്ങലിനായുള്ള 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ

1) സ്കൂൾ അവധിക്കാലത്ത് കരാർ ജീവനക്കാർക്ക് വേതനം നൽകി

പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ബഡ്സ് സ്കൂളിൽ, പ്രിൻസിപ്പൽ, രണ്ട് അധ്യാപകർ, ആയ, കുക്ക് എന്നീ ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. ഈ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനു ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി ഈ ജീവനക്കാരുമായി കരാർ വച്ചിട്ടില്ല. 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ സ്കൂൾ പ്രവർത്തിച്ചിരുന്നില്ലായെന്ന് വിദ്യാർത്ഥികളുടെ ഹാജർ പുസ്തകത്തിൽ നിന്നും ബോധ്യമാകുന്നു. എന്നാൽ ഈ കാലയളവിലും മേൽവിവരിച്ച ജീവനക്കാർക്ക് ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ട്. അവധി കാലയളവിൽ ഓണറേറിയം അനുവദിച്ചു നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (10/16-12-16) സർക്കാർ നിർദ്ദേശം ഉണ്ടായിരുന്ന തിനാലാണ് സ്കൂൾ പ്രവർത്തിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അർഹത ഇല്ലാതിരുന്ന കാലയളവിൽ ഓണറേറിയം അനുവദിച്ചതിനു വിശദീകരണം നൽകിയിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ പ്രിൻസിപ്പൽ ഒഴികെയുള്ള രണ്ട് അധ്യാപകർ, ആയ, കുക്ക് എന്നിവരുടെ 2015 ഏപ്രിൽ, മെയ് മാസങ്ങളിലെ ഓണറേറിയം ഇനത്തിൽ താഴെ വിവരിക്കുന്ന പ്രകാരം ചെലവഴിച്ച 44420

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

| ചെക്ക് നം/തീയതി | തുക |
|---|---|
| 201375/05-05-15 | 33000 |
| 201386 / 09-06-15 | 31240 |

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

2) കുട്ടികളുടെ ഹാജരിന് അനുസരിച്ച് ഭക്ഷ്യവസ്തുക്കളുടെ ചെലവ് ക്രമീകരിക്കുന്നില്ല

2015-16 വർഷം 71 കുട്ടികളെ സ്ഥാപനത്തിൽ പ്രവേശിപ്പിച്ചിരുന്നു. ചെലവുകണക്കുകൾ പരിശോധിച്ചതിൽ നിന്നും ദിവസേനയുള്ള ഹാജരിന് ആനുപാതികമായല്ല ഭക്ഷ്യവസ്തുക്കൾ ചെലവഴിക്കപ്പെടുന്നതെന്ന് കാണുന്നു. എല്ലാ കുട്ടികളും ഹാജരുള്ള ദിവസങ്ങളിലും ഹാജർ കുറവുള്ള ദിവസങ്ങളിലും ഒരേ അളവിൽ ഭക്ഷ്യവസ്തുക്കൾ ചെലവഴിക്കപ്പെടുന്നു. വ്യത്യസ്ത പ്രായപരിധിയിലുള്ള കുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിന്റെ അളവ് നിശ്ചയിച്ചിട്ടില്ല. വാങ്ങുന്ന ഭക്ഷണ സാധനങ്ങളുടെയും വിതരണം ചെയ്യുന്നവയുടെയും തൂക്കം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും നിലവിലില്ല.

ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏറ്റെടുത്ത കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമക്കാതിരുന്നിട്ടും അവരിൽ നിന്നും പുതുക്കിയ പൊതുമരാമത്ത് മാന്വലിന്റെ സെക്ഷൻ 2009: 6 പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ (പി.എ.സി.യുടെ 1%) ഈടാക്കിയിട്ടില്ല.

| ക്രമ നം | വർക്കിന്റെ പേരും പ്രോജക്ട് നം | കരാറുകാരന്റെ പേര് | പി.എ.സി | സെലക്ഷൻ നോട്ടീസു പ്രകാരം പിഴകൂടാതെ കരാർ ചമയ്ക്കേണ്ടി യിരുന്ന തീയതി | കരാറിന്റെ നമ്പരും തീയതിയും | ഈടാക്കേണ്ടി യിരുന്ന പിഴ | നൽകിയ തുകയുടെ ഡി.ഡി.നം.തീയതി |
|---|---|---|---|---|---|---|---|
| 1 | കണ്ണൻകാവ് ശീലാന്തര റോഡ് ടാറിംഗ് (95/16) | വിജയകുറുപ്പ് | 756450 | 29-9-15 | 42/8.12.15 | 7564 | 16841/31.3.16 |
| 2 | കണ്ണംപള്ളിജംഗ്ഷൻ - കൊല്ലശ്ശേരി കുറ്റി ലക്ഷംവീട് റോഡ് ടാറിംഗ്(69/16) | രഘുനാഥൻ | 756899 | 25.8.15 | 37/7.9.15 | 7569 | 20266/30/3/16 |
| 3 | പുതുക്കാട് ജംഗ്ഷൻ - പൂളേത്ത്മുക്ക് തഴത്തോട് റോഡ് പുനരുദ്ധാരണം | വിജയകുറുപ്പ് | 553000 | 12-1-15 | 42/9-2-15 | 5530 | 271937/25.7.2015 |
| 4 | കൃഷിഭവനിൽ കാർഷികഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം(110/15,35/16) | ബിജു.ആർ | 180692 | 24-10-14 | 34/18.12.14 | 1807 | 16896/31/3/16 |
| | | | | | | 22470/- | |

മുകളിൽ പ്രതിപാദിച്ച പല പ്രവൃത്തികളിലും കരാർവെക്കാത്തതുമൂലം പിഴ ഈടാക്കുന്നതാണെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി രേഖയില്ല. പിഴ ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/15-12-16) നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വക്കാതിരുന്ന കരാറുകാരിൽ നിന്നും 1% പിഴ ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ആകയാൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 22470/രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 3-4 കൺവീനർമാർ മുഖേന നടപ്പാക്കിയ ടാറിങ്ങ് വേലകളിൽ ഒറിജിനൽ ബില്ലിൽ അധികരിച്ച് ടാർവില അനുവദിച്ചതു വഴി 1 ലക്ഷം രൂപയുടെ അധികച്ചെലവ്

പഞ്ചായത്തിൽ 2015-16 വർഷം കൺവീനർമാർ മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളുടെ എസ്റ്റിമേറ്റിൽ ടാറിന് 73.72/ കി.ഗ്രാം നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത് (50.60 + COSTINDEX). എന്നാൽ പ്രസ്തുത വർക്കുകളുടെ നിർവ്വഹണ രേഖകൾക്കൊപ്പം കൺവീനർമാർ ഹാജരാക്കിയ ടാറിന്റെ ഒറിജിനൽ ബില്ലിൽ ടാർവില 29.86/kgമാത്രമാണ്. കൺവീനർ ഹാജരാക്കുന്ന ചെലവു രേഖകൾ പ്രകാരമോ മൂല്യനിർണ്ണയ പ്രകാരമോ ഉള്ള നിരക്കുകളിൽ കുറഞ്ഞ നിരക്കാണ് കൺവീനർക്ക് നൽകേണ്ടതെന്നിരിക്കെ ആയതിനു വിരുദ്ധമായി ഉയർന്ന നിരക്ക് അനുവദിച്ച് നൽകുക വഴി 100007/- രൂപയുടെ അധികച്ചെലവാണ് പഞ്ചായത്തിന് ഉണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേരും പ്രോജക്ട് നം. | കൺവീനറുടെ പേര് | എഗ്രിമെന്റ് നം. | എസ്റ്റിമേറ്റ് | ഉപയോഗിച്ച ടാറിന്റെ അളവ് | ടാർവില ഇനത്തിൽ കൺവീനർക്ക് നൽകിയ തുക(@73.72/kg) | ബിൽ പ്രകാരം ടാറി നായി കൺവീനർ ചെലവാക്കിയ തുക(@29.86/kg) | അധികം നൽകിയ തുക | എം ബുക്ക് നം | ഡി.ഡി.നം. തീയതി |
|---|---|---|---|---|---|---|---|---|---|
| പേരൂർ മുക്ക് - ടെലിഫോൺ എക്സ്ചേഞ്ച് റോഡ് മെയിന്റനൻസ് 145/16 | പൂക്കുഞ്ഞ് | 59/3.3.16 | 180000 | 1235.28 | 91065 | 36885 | 54180 | 142/15 | 20228/ 30.3.16 |
| കാട്ടിൽ മുക്ക് ഈരിക്കൽ മുക്ക് റോഡ് മെറ്റലിംഗ്(146/16) | ഷാജി | 57/3.3.16 | 240000 | 702 Kg | 51751 | 20962 | 30789 | 114/15 | 20553/ 6.4.16 |
| വെളിയിൽ മുക്ക് റോഡ് പുനരുദ്ധാരണം 144/16 | രഞ്ജിത്ത് | 58/3.3.16 | 98000 | 342.87 | 25276 | 10238 | 15038 | 98/15 | 20513/ 6.4.16 |
| ആകെ | | | | | | | 100007 | | |

മുകളിൽ പ്രതിപാദിച്ച അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/15-12-16) ടാറിന്റെ മാർക്കറ്റ് നിരക്കും ഷെഡ്യൂൾ നിരക്കും തമ്മിലുള്ള വ്യത്യാസം വഴി അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. മേൽ കാരണത്താൽ അധികം ചെലവായ 100007/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് വർക്കിന് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാത്ത തുക 102416/- രൂപ തിരികെ ഈടാക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി മുഖേന നടത്തിയ ഡെപ്പോസിറ്റ് വർക്കുകളിൽ പണി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുള്ള ചുവടെ കൊടുക്കുന്നവയിൽ 102416/-രൂപ ചെലവഴിക്കപ്പെടാതെ ബാലൻസ് നിലനിൽക്കുന്നു.

| ഡെപ്പോസിറ്റ് വർഷം | പ്രവർത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ബാലൻസ് |
|---|---|---|---|
| 2011-12 | ബി.പി.എൽ കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ | 777245 | 99623 |

| | | | |
|---|---|---|---|
| 2014-15 | പുത്തൻതരതോട്ട മുതൽ കടമ്പാട്ട തോട് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51500 | 2793 |

ബാക്കി നിൽക്കുന്ന തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 എഗ്രിമെൻറ് വച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നിർവ്വഹണ കാലയളവ് കഴിഞ്ഞിട്ടും വർക്ക് ആരംഭിച്ചിട്ടില്ല

പഞ്ചായത്തിന്റെ രണ്ടാം വാർഡിലെ അംഗനവാടിയ്ക്ക് ടോയ് ലെറ്റ് നിർമ്മിക്കുന്നതിനായി 15-16 വർഷം തയ്യാറാക്കിയ ഒരു ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന്റെ ( 130/16 ) നിർവ്വഹണം 3.39% കുറഞ്ഞ നിരക്കിൽ ടെൻഡർ സമർപ്പിച്ച ശ്രീ.ബി.നൗഷീർ എന്നയാളെ ഏൽപ്പിച്ചിരുന്നു. 28.1.16-ൽ കരാറുകാരൻ എഗ്രിമെൻറ് വെച്ചതിനെ തുടർന്ന് (നം. 51/28.1.16) അന്നേ തീയതിയിൽ തന്നെ ടിയാന് സൈറ്റ് കൈമാറ്റം ചെയ്ത് നൽകി. ഏക വർഷ പ്രോജക്ടായി തയ്യാറാക്കിയ ഈ പ്രവൃത്തി 31.3.16 നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും നാളിതു വരെ (12/16) ടിയാൻ വർക്ക് ആരംഭിച്ചതായി രേഖയില്ല. വർക്ക് എത്രയും വേഗം ആരംഭിക്കണമെന്നും പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥ 31.3.16-ൽ കാരാറുകാരന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ടിയാൻ ഇതിനോട് പ്രതികരിച്ചിട്ടില്ല. എഗ്രിമെൻറ് വെച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നാളിതുവരെ വർക്ക് ആരംഭിക്കാത്തതിനാൽ ടിയാനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/17-12-16) നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്ന താണെന്ന് അസിസ്റ്റൻറ് എഞ്ചിനീയർ മറുപടി നൽകി.

കരാർ ലംഘനം നടത്തിയ ആളിന്റെ ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപം കണ്ടു കെട്ടുന്നതിനും ടിയാളുടെ നഷ്ടോത്തരവാദിത്തത്തിൽ വർക്ക് പുനക്രമീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ഐ.സി.ഡി.പി - സബ്സെന്ററിന് ചുറ്റുമതിൽ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

ഐ.സി.ഡി.പി സബ്സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ 2 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന്റെ (115/16) നിർവ്വഹണം 7.123% കുറഞ്ഞ നിരക്കിൽ ശ്രീ.എ.എം.ഹാമിദ് എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു. 197496 രൂപ മൂല്യനിർണ്ണയം നടത്തിയ ഈ പ്രവൃത്തിയിൽ ടെൻഡർ കുറവ്, നികുതികൾ എന്നിവ കഴിച്ച് 175423രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (Bill No. 64/31-3-2016). എന്നാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികളിൽ കുറവു വന്നതു മൂലം അധികതുക ടിയാന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നൽകിയ തുക | നൽകേണ്ടിയിരുന്ന തുക |
|---|---|
| മൂല്യനിർണ്ണയ തുക – 197496 | 197496 |
| (-) ടെൻഡർ കുറവ് - 14068 | 14068 |
| 183428 | 183428 |

| | |
|---|---|
| (-)വാറ്റ് (4%) - 4337 | 7337 |
| (-)IT (1%) - 1834 | 1834 |
| (-)KCWWF – 1834 | 1834 |
| 8005 | 11005 |
| കരാറുകാരന് നൽകിയ തുക 175423 | കരാറുകാരന് നൽകേണ്ടിയിരുന്ന തുക 172423 |

മുകളിൽ പ്രതിപാദിച്ച അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/15-12-16) നികുതി ഈടാക്കിയതിൽ കുറവ് വന്ന 3000/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റൻറ് എഞ്ചിനീയർ മറുപടി നൽകി. നികുതി ഒടുക്കു വരുത്തി ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-8 കരാറുകാരൻ എഗ്രിമെൻറ് വച്ച് ഏറ്റെടുത്ത പ്രവൃത്തിയുടെ നിർവ്വഹണം പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു

പഞ്ചായത്തിന്റെ പത്താം വാർഡിൽ പ്രവർത്തിക്കുന്ന പി.എച്ച്.സിയിൽ ഇമ്മ്യൂണൈസേഷൻ റൂം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ 570000/-രൂപ അടങ്കലുള്ള പ്രോജക്ടിന്റെ (നം. 116/16) നിർവ്വഹണം 8.83% കുറഞ്ഞ നിരക്കിൽ ശ്രീ.ബി നൗഷീർ എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു. ടിയാൻ 3.3.2016 - ൽ എഗ്രിമെൻറ് വെച്ചതിനെ തുടർന്ന് ( നം. 54/3.3.16 ) അന്നേ തീയതിയിൽ തന്നെ സൈറ്റ് കൈമാറ്റം ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ 27 ഇനങ്ങളുള്ള പ്രസ്തുത വർക്കിന്റെ 9 ഇനങ്ങൾ ടിയാൻ 31.3.16 മുൻപായി നിർവ്വഹിക്കുകയും, ആയതിന് 162526 /- രൂപ മൂല്യനിർണ്ണയം നടത്തി നികുതികൾ, റിട്ടെൻഷൻ എന്നിവ കഴിച്ച് 136522 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട് (ഡി.ഡി നം. 20552/6.4.16). എന്നാൽ പിന്നീട് നാളിതുവരെ യാതൊരു തുടർ പണികളും കരാറുകാരൻ നിർവ്വഹിച്ചതായി രേഖയില്ല. ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള അന്വേഷണത്തിലും ഈ വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 4 മാസം പൂർത്തീകരണ കാലാവധിയുണ്ടായിരുന്ന ഈ വർക്കിന്റെ തുടർ പ്രവർത്തനങ്ങളൊന്നും നടത്താതിരുന്നിട്ടും കരാറുകാരനെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/17.12.16) നിർവ്വഹണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റൻറ് എഞ്ചിനീയർ മറുപടി നൽകി.

എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തി കരാറുകാരനെ കൊണ്ട് പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിനും അല്ലാത്ത പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ ശേഷിച്ച വർക്കുകൾ പുനക്രമീകരിക്കുന്നതിനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. മേൽ കാരണങ്ങളാൽ കരാറുകാരന് നൽകിയ 136522/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവു വിളക്ക് പരിപാലനം കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല

പ്രോജക്ട് നം. : 3/16

നിർവ്വഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

അടങ്കൽ : 900000/-

ചെലവു വിവരം

ചെക്ക് നം. 0335749/5.08.15 തുക 102694/-

ചെക്ക് നം. 770543/ 01.12.15 തുക 203334/-

ബിൽ നം 159/735/15-16 തീയതി .29.01.16 തുക102694/-

തെരുവു വിളക്ക് പരിപാലനം (പ്രോജക്ട് നം.3/16 ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി, സാധനങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 2015-16 വർഷം 408722/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വേലയിൽ കരാറുകാരനായ അഹമ്മദുൾ കബീർ എന്ന വ്യക്തിയിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട 4% വാറ്റ് ഈടാക്കിയിട്ടില്ല. നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ഹാജരാക്കുന്നതിനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.9 തീയതി 17.12.2016) മറുപടിയിൽ വാറ്റ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 16349/-രൂപ വാറ്റ് ഇനത്തിൽ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 പായ്ക്ക് ചെയ്ത ടാറിന്റെ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ വർക്കുകളിൽ കരാറുകാരിൽ നിന്നും ബാരൽ വില കുറയ്ക്കാത്തത് മൂലം 69750/- രൂപയുടെ അധികച്ചെലവ്

പഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ റോഡ് ടാറിംഗ് വർക്കുകളുടെ എസ്റ്റിമേറ്റിൽ പായ്ക്ക് ചെയ്ത ടാറിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത് (50.60 /കിഗ്രാം + 15% CPOH + COST INDEX). എന്നാൽ ഈ വർക്കുകളുടെ ഫൈനൽ ബില്ലിൽ നിന്നും ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയതായാണ് രേഖ . ഇപ്രകാരം ബാരൽവില (238+5% vat =250/-) ഈടാക്കാതിരുന്നതു വഴി 69750/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന് പേരും നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരന് പേര് | എഗ്രിമെന്റ് നം/തീയതി | ഉപയോഗിച്ച ടാറിന്റെ അളവ് | ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക(238+5% VAT) | അളവ് പുസ്തകം നം. | ഡി.ഡി.നം തീയതി |
|---|---|---|---|---|---|---|---|
| വെള്ളൂര് മുക്ക് - കറുകത്തറ ജം. റോഡ് മെറ്റലിംഗ് ടാറിംഗ്(70/16) | 256000 | എ.എം ഹമീദ് | 23/21-08-15 | 1050.05 Kg (7 ബാരൽ) | 1750 | 106/15 | 16533/1-3-16 |
| കമ്പളത്ത് മുക്ക് - പഞ്ചായത്ത് അതിർത്തി റോഡ് മെറ്റലിംഗ് ടാറിംഗ്(45/16) | 745000 | മുഹമ്മദ് സാജിദ് | 32/25/8/15 | 2005.17Kg (13 ബാരൽ) | 3250 | 252/15 | 16534/1-3-16 |
| പുതിയകാവ് അച്ചടിയാൻ - പുരയിടം റോഡ് മെറ്റലിംഗ് ടാറിംഗ്(73/16) | 688000 | എം.കെ ജയചന്ദ്രന് | 29/24-8-15 | 1810.07 Kg (12 ബാരൽ) | 3000 | 99/15 | 16888/31-3-16 |
| മുനിസിപ്പൽ അതിർത്തി - വള്ളുകപ്പള്ളി റീടാറിംഗ്(47/16) | 286000 | കെ.ശശിധരന് പിള്ള | 28/24-8-15 | 1830.97Kg (12 ബാരൽ) | 3000 | 107/15 | 20227/30-03-16 |
| കറിച്ചിയില് മുക്ക് - ചിലങ്കമുക്ക് റോഡ് മെറ്റലിംഗ് ടാറിംഗ്(51/16) | 533000 | കെ.ശശിധരന് പിള്ള | 38/9-9-15 | 2225.3Kg (14 ബാരൽ) | 3500 | 110/15 | 20229/30-3-16 |
| തയ്യാവ് മുക്ക് - തണ്ടാനിമൂട് ജം. ട്രാൻസ്ഫോർമർ മുക്ക് - മീനത്ത് മൂല റോഡ് പുനരുദ്ധാരണം(46/16) | 670000 | എ.എം ഹാമീദ് | 25/21-8-15 | 4054.97Kg (25 ബാരൽ) | 6250 | 105/15 | 16532/1-3-16 |

| | | | | | | | |
|---|---|---|---|---|---|---|---|
| കുഴിവേലി മുക്ക് - പണിക്കവീട്ടിൽ മുക്ക് റോഡ് സെക്കൻഡ് മെറ്റലിംഗ് ടാറിങ്(44/16) | 995000 | എ.എം ഹാമീദ് | 26/21-8-15 | 4043.33Kg (25 ബാരൽ) | 6250 | 256/14-15 | 16552/1-3-16 |
| ഗുരുമന്ദിരം ആറുകടമ്പ തോട് റോഡ് - മെറ്റലിംഗ് ടാരിംഗ്(68/16) | 390000 | രഘുനാഥന് | 36/7-9-15 | 1017.57Kg (7 ബാരൽ) | 1750 | 113/15 | 202630/30-3-16 |
| നാനാശ്ശേരില് പ്രകാശ ഭവനം റോഡ് മെറ്റലിംഗ് ടാരിംഗ്(99/16) | 769000 | എം.കെ ജയചന്ദ്രന് | 30/24-8/15 | 2092.03 Kg(13 ബാരൽ) | 3250 | 375/14-15 | 20512/6-4-16 |
| നാട്ടങ്കല് - ആഞ്ഞിലേഴത്ത റോഡ് ടാരിംഗ് (97/16) | 172000 | അബ്ദുള് മജീദ് ഖാൻ | 24/21-8-15 | 1145.95 Kg(7 ബാരൽ) | 1750 | 149/15 | 20219/31-3-16 |
| ആറുകടമ്പ – റെയിൽവേ ക്രോസ്സ് റോഡ് സെക്കൻഡ് മെറ്റലിംഗ് ടാരിംഗ് (74/16) | 245000 | നൗഷീർ | 35/26-8-15 | 1016.38 Kg(7 ബാരൽ) | 1750 | 124/15 | 16843/31-3-16 |
| പുതുക്കാട്ട് ജം - പൂളേത്ത് മുക്ക് തഴത്തോട് റോഡ് പുനരുദ്ധൈരണം(73/15) | 553000 | വിജയകുറുപ്പ് എൻ | 42/9-2-15 | 4115.16 Kg(26 ബാരൽ) | 6500 | 290/14-15 | 271937/25.7.15 |
| വാത്തിൽ പറമ്പിൽ റോഡ് ചാരുംമൂട് റോഡ് റീ ടാരിംഗ് (71/16) | 285000 | നൌഷീർ | 33/26-8-15 | 1790.23Kg(11 ബാരൽ) | 2750 | 123/15 | 16842/31-3-16 |
| കണ്ണൻകാവ് ശീലാന്തറ റോഡ് മെറ്റലിംഗ് ടാരിംഗ്(95/16) | 850000 | വിജയകുറുപ്പ് എൻ | 42/8-12-15 | 2256.46 Kg(14 ബാരൽ) | 3500 | 111/15 | 16841/31-3-16 |
| കണ്ണംപള്ളി ജം - കോളശ്ശേരി കുറ്റി ലക്ഷം വീട് കോളനി റോഡ് മെറ്റലിംഗ് (69/16) | 871000 | രഘുനാഥന് | 37/7-9-15 | 1767.27 Kg(11 ബാരൽ) | 2750 | 100/15 | 20266/30.03.16 |
| ചിറ്റക്കാട്ട് ജം - കരുമ്പോലിൽ റോഡ് പുനരുദ്ധാരണം(77/16) | 517000 | നൌഷീർ | 34/26-8-15 | 2552.22Kg(16 ബാരൽ) | 4000 | 125/15-16 | 16844/31-03-16 |
| മാലിത്തറ പട്ടികജാതി കോളനി റോഡ് വികസനം(40/16) | 400000 | മുഹമ്മദ് ജാസിർ | 51/3-3-15 | 1245.81 Kg8 ബാരൽ) | 2000 | 292/14-15 | 669294/25-8-15 |
| വൈക്കത്ത് വളളി - കന്നയ്യത്ത് റോഡ് പുനരുദ്ധാരണം(98/16) | 567000 | വിജയകുറുപ്പ് എൻ | 39/28-9-15 | 2283.79kg 15 ബാരൽ) | 3750 | 115/15 | 16840/31-3-16 |
| ആല്യംമൂട് മുക്ക് - കരിഞ്ഞപ്പള്ളിൽ റോഡ് പുനരുദ്ധാരണം (67/16) | 730000 | മുഹമ്മദ് സാജിദ് | 31/25.8.15 | 3218.2kg(20 ബാരൽ) | 5000 | 104/15 | 16496/25-2-16 |
| ചക്കാലമുക്ക് തഴത്തോട് റോഡ് സെക്കൻസ് മെറ്റലിംഗ് ടാരിംഗ് (88/16) | 600000 | അനിൽകുമാർ | 40/30.10.15 | 2490.18kg(16 ബാരൽ) | 4000 | എ.എം ഹാമീദ് | 16422/19.2.16 |
| | | | | | **69750** | | |

ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/15-12-16) ടാറിന്റെ ബാരൽവില കരാറുകാരിൽ നിന്നും ഈടാക്കി

പഞ്ചായത്തിൽ അടക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. മേൽക്കാരണത്താൽ ഈ ഇനത്തിൽ നഷ്ടമായ 69750/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. (ബാരൽ വില – 66402/-, വാറ്റ് (5%) - 3348)

## 3-11 ആശ്രയ പദ്ധതി

അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നിലവിൽ 22 ഗുണഭോക്താക്കൾ ഉണ്ട്. ഈ ഗുണഭോക്താക്കൾക്ക് 2014 മേയ് മുതൽ 2016 ജൂൺ വരെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തിട്ടില്ല. ഫണ്ടിന്റെ അഭാവമാണ് ഭക്ഷ്യ വസ്തുക്കളുടെ വിതരണം തടസ്സപ്പെടുവാൻ ഇടയായത്. മുൻ വർഷങ്ങളിൽ സി.ഡി.എസുമായി ബന്ധപ്പെട്ട നടന്ന ചില ക്രമക്കേടുകൾ കാരണം എസ്.ബി.ഐ കായംകുളം അക്കൗണ്ട് നം.10316963754 ൽ ഉണ്ടായിരുന്ന അഗതി ആശ്രയ പദ്ധതി തുകകൾ ബാങ്ക് അധികൃതർ മരവിപ്പിക്കുകയുണ്ടായി. ബാങ്കിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 14.81 ലക്ഷം രൂപ നീക്കിയിരിപ്പുള്ളതാണ്. ക്രമക്കേടുകൾ വഴി ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കുന്നതിനും അഗതി ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക തിരികെ ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൽപെടുത്തി കൃഷ്ണപുരം പഞ്ചായത്തിൽ 2015-16 വ്ർഷം ഏറ്റെടുത്ത് നടപ്പാക്കിയ വർക്കുകളുടെ ലഘു അവലോകനം ചുവടെ ചേർക്കുന്നു.

ആക്ഷൻ പ്ലാൻ പ്രകാരം 2015-16 വർഷം അനുമതി ലഭിച്ച വർക്കുകളുടെ എണ്ണം - 200

തൻ വർഷം ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം - 182

തൻവർഷം പൂർത്തീകരിച്ച പ്രവർത്തികളുടെ എണ്ണം - 182

വർഷാരംഭത്തിൽ ഉണ്ടായിരുന്ന രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം - 4602

തൻവർഷം രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം - 138

രജിസ്റ്റർ ചെയ്ത ആകെ തൊഴിലാളികളുടെ എണ്ണം - 4740

സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ - 96375

നൂറ് തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികളുടെ എണ്ണം - 129

വരവ് ചെലവ് വിശദാംശങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 3000.27 |
| വരവ് | 16205601 |
| പലിശ വരവ് | 755.04 |
| ആകെ | 16209356.31 |
| ചെലവ് | 16209062.00 |
| നീക്കിയിരിപ്പ് | 294.31 |

തൻവർഷം ആകെ രജിസ്റ്റർ ചെയ്ത 4740 തൊഴിലാളികളിൽ 129 ചേർക്ക് മാത്രമേ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഒരു പോരായ്മയാണ്. രജിസ്റ്റർ ചെയ്ത എല്ലാവർക്കും 100 തൊഴിൽ ദിനങ്ങൾ എന്ന നിർദ്ദിഷ്ട ലക്ഷ്യം സാക്ഷാത്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ നടപ്പാക്കിയ എല്ലാ വർക്കുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. വാർഷിക കണക്കുപ്രകാരം വസ്തു നികുതിയിനത്തിൽ 897418/-രൂപ കുടിശിക നിലനിൽക്കുന്നു. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ കുടിശ്ശിക സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമല്ല.
2. ഡെപ്പോസിറ്റ് വർക്കിന് വാട്ടർ അതോറിറ്റിയിൽ 2014-15 വർഷം നിക്ഷേപിച്ച (പ്രോജക്ട് നം.132/15) 50000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ ടി തുക 2015-16 വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കുടിശ്ശിക കാണിച്ചിരിക്കുന്നത് 7450l-രൂപയാണ്, എന്നാൽ വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത് 4570/-രൂപയാണ്.
4. എൻ.ആർ.ജി.എസിന്റെ ആകെ വരവു തുക 16206356/-രൂപയാണ്. എന്നാൽ ഷെഡ്യൂൾ 1-14(a) ൽ കാണിച്ചിരിക്കുന്നത് 16209062/-രൂപയാണ്.
5. ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുതുകളം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | 50/15-16വള്ളുകപ്പള്ളി -പൂവടിപ്പാലം റോഡ് കോൺക്രീറ്റിംഗ് | 150000 | 0 |
| ജില്ലാപഞ്ചായത്ത് | 2015-16 | 150000 | 55/16വള്ളുകപ്പള്ളി ഭരണിക്കാവ് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പഞ്ചായത്ത് അതിർത്തി പൂരക്കൽ മുക്ക് റോഡ് മെറ്റലിംഗ് | | |
| | | 340000 | 67/16 ആലും മൂട് മുക്ക് കരിഞ്ഞപ്പള്ളിൽ റോഡിന്റെ പുനരുദ്ധാരണം | 340000 | 0`` |
| | | 200000 | 72/16പറത്തറജം- മണറ്റേൽ പാലം റോഡ് മെറ്റലിംഗ് | 200000 | 0 |
| | | | 96/16 ആറുകടമ്പതോട് മുടിയിൽ -ശാന്തവരം താഴെയിൽ റോഡ് നിർമ്മാണം | 245000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കിയു ള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സ)നം.221/2010/ ത.സ്വ.ഭ.വ തീയതി 21-1-2010 | 11037500 | 2444578 | 1625000 | | 819578 |

4-6 സ്ഥിരനിക്ഷേപങ്ങൾ

-- ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 2-10 | | 2-10 | വി.ഇ.ഒ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താവിന് നൽകാ ത്തത് സംബന്ധിച്ച് | തുക ഒടുക്കി യിട്ടില്ല |
| 2008-09 | 3-5(5) | 2008-09 | 3.5 (5) എ | ,, | ,, |

4-9ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38671299 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50028693 |
| വരവിനങ്ങളിലുള്ള നഷ്ടം | 21220 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 188879 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 280942 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 21220 | | ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-3 | | 22470 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | |
| 3-4 | | 100007 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 66402 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 21220 | 188879 | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ഡോ.നൈസിഖാൻ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-2 | 44420 | ഗിരീഷ് ബാബു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 136522 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 280942 | |

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3000 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 16349 | ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-10 | 3348 | ശ്രീദേവി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.3-1

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.രാധാകൃഷ്ണൻ<br>സെക്രട്ടറി | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | പായിക്കാട്ട്ശ്ശേരിൽ, ആല്ലം പീടിക പി.ഒ |
| ഗിരീഷ് ബാബു<br>അസിസ്റ്റന്റ് സെക്രട്ടറി | " | കല്ലേലിൽ തെക്കതിൽ,മേമന, ഓച്ചിറ പി.ഒ |
| ശ്രീദേവി. വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | " | കട്ടക്കര വീട്,കരകുളം പി.ഒ. , തിരുവനന്തപുരം |
| ഡോ.നൈസിഖാൻ<br>ആയുർവ്വേദ മെഡിക്കൽ ഓഫീസർ | " | മുല്ലശ്ശേരിൽ, ഇലിപ്പക്കുളം പി.ഒ.,ചൂനാട് |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 1999-00 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 2001-02 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 2001-02 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 2002-03 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 2000-01,2003-04 | എൽ.എഫ്.ജി.എ-5/ 1832/11/31.01.12 |
| 2004-05,05-06 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 |
| 2006-07 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 |
| 2007-08 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 |

| | |
|---|---|
| 2008-09 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 |
| 2009-10 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 |
| 2010-11 | എൽ.എഫ്.എ.പി-4/ 870/201/03.10.13 |
| 2011-12,12-13 | എൽ.എഫ്.എ.പി-4/ 1859/14/26.11.14 |
| 2013-14 | എൽ.എഫ്.എ.പി-4/ 873/201/04.08.15 |
| 2014-15 | എൽ.എഫ്.എ.പി-4/ 873/201/04.08.15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി4/1523/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 03-01-2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

No. KSA-ALP/P4/1523/2016

Kerala State Audit Department,
District Audit Office, Alappuzha
Date: 03-01-2017.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Krishnapuram Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Krishnapuram Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha